(എ) മൽസ്യോൽപാദക സഹകരണ സംഘങ്ങൾക്കു കൊടുക്കുന്നതും യന്ത്രവൽകൃത ബോട്ടുകൾക്ക് അനുവദിച്ചിട്ടുള്ളതുമായ സബ്സിഡി നിറുത്തിയതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ?

പഞ്ചായത്തുംസാമൂഹ്യവികസനവുംമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ഉണ്ട്.

(ബി) ബോട്ടുവിതരണ പദ്ധതിയുടെ പ്രാരംഭകാലത്ത് അന്നുവരെ നടപ്പിലില്ലാതിരുന്ന ഒരു പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വിഷമതകൾ ഒഴിവാക്കാനും ബോട്ടുകൾ വാങ്ങുന്നതിന് മുന്നോട്ടുവരുന്ന മൽസ്യതൊഴിലാളികൾക്ക് ഒരു പ്രോൽസാഹനമെന്ന നിലയിലുമാണ് സബ്സിഡി അനുവദിച്ചിരുന്നത്. യന്ത്രവൽകൃത പദ്ധതി ഇന്ന് സുഗമമായി നടന്നുവരുന്നതിനാലും കൂടുതൽ ബോട്ടു കിട്ടുവാൻ മൽസ്യത്തൊഴിലാളികൾ വെമ്പൽ കൊള്ളുന്നതിനാലും ഇപ്പോൾ സബ്സിഡി തുടർന്നു നൽകുന്നതിൻെറ ആവശ്യം വളരെ കുറഞ്ഞിട്ടുണ്ടെന്നു തോന്നിയതിനാലാണ് സബ്സിഡി ഓരോ സ്റ്റേജായി നിറുത്തൽ ചെയ്യുന്നതിന് ഗവൺമെൻറ് തീരുമാനിച്ചത്. കൂടാതെ സകല രംഗങ്ങളിലും നൽകിവരുന്ന സബ്സിഡി കുറേശ്ശെയായി പിൻവലിക്കണമെന്ന ഒരു പൊതുനയം ഇൻഡ്യാ ഗവൺമെൻറ് ശുപാർശ ചെയ്തിട്ടുണ്ട്. അതുപോലെ ഫിഷറീസ് ഡിപ്പാർട്ടുമെൻറ് നൽകിവരുന്ന സബ്സിഡി ക്രമേണ പിൻവലിക്കേണ്ടതാണെന്ന് ഇൻഡ്യാ ഗവൺമെൻറ് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിനെല്ലാം പുറമേ ഇന്നു യന്ത്രവൽകൃത മൽസ്യബന്ധനം സബ്സിഡി കൂടാതെ നടത്താമെന്നുള്ള നില എത്തിയിട്ടുണ്ടെന്നുള്ള വസ്തുതയും കണക്കിലെടുത്തിട്ടുണ്ട്.

കൂപ്പ് കോൺട്രാക്ട്

* 291 [1010] ശ്രീ. എം. കെ. ദിവാകരൻ:
ശ്രീ. ടി. എ. മജീദ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിലും സപ്ലൈയും കൂപ്പുകളും ഒന്നിച്ച് കോൺട്രാക്ട് നൽകുന്നതിനെ തടഞ്ഞുകൊണ്ടുള്ള എന്തെങ്കിലും നിയമം ഉണ്ടോ;

(ബി) ഇടുക്കിക്കു സമീപം സെയിലും സപ്ലൈയും കൂപ്പുകളും ഒന്നിച്ചുള്ള കോൺട്രാക്ട് ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക്;

(സി) തടി മുഴുവൻ ഡിപ്പോയിൽ എൽപിക്കാതെ ഇരുന്നതിൻെറ ഫലമായി കേശവൻ എന്ന ഒരു കൺട്രാക്ടരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ചീഫ് കൺസർവേറ്റർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കൺട്രാക്ടരുടെ അപേക്ഷപ്രകാരം പിന്നീട് കോൺട്രാക്റ്റിൻെറ നിരക്കു വർദ്ധിപ്പിച്ചു കൊടുക്കുകയുണ്ടായോ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) നിയമമില്ല. ഒരു ഡിപ്പാർട്ടുമെൻറൽ സർക്കുലർ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർക്കും നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) ശ്രീ. സി. കെ. കേശവന്റെ 15-2-1965-ലെ ഉടമ്പടിപ്രകാരം നഗരംപാറയിൽപ്പെട്ട കുപ്പിൽനിന്നും തടികൾ വെട്ടിയിറക്കി പാറമ്പുഴ ഡിപ്പോയിൽ എൽപിക്കുന്നതിനുള്ള കോംവിലനിരക്കു വർദ്ധിപ്പിച്ചിട്ടുണ്ട്.

കയർ വ്യവസായ വികസനം

* 292 [1012] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ വികസന പദ്ധതിക്ക് ധനസഹായം ലഭിക്കാൻ സംസ്ഥാന ഗവൺമെൻറ് റിസർവ്വ് ബാങ്കിനെ സമീപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വായ്പയായി ആവശ്യപ്പെട്ടിട്ടുള്ളത് എന്തു തുക യാണെന്ന് പറയാമോ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ), (ബി) കയർ വ്യവസായ വികസനത്തിനുള്ള ധനസഹായ കാര്യം സംസ്ഥാന ഗവൺമെൻറ് റിസർവ്വു ബാങ്കുമായി വളരെ കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണെങ്കിലും ഈ അടുത്തകാലത്തു മാത്രമേ കയർ വ്യവസായം ധനസഹായത്തിന് അർഹമായ വ്യവസായമായി റിസർവ്വു ബാങ്ക് അംഗീകരിച്ചിട്ടുള്ളു. ഏതെല്ലാം വ്യവസ്ഥകളിൻമേൽ കയർ വ്യവസായത്തിന് സാമ്പത്തിക സഹായം നൽകാം എന്ന കാര്യം തീരുമാനമായിട്ടില്ലാത്തതിനാൽ എന്തു തുക ആവശ്യപ്പെടാമെന്ന് പറയാറായിട്ടില്ല.

സ്റ്റാർച്ചു ഫാക്ടറി

* 293 [1015] ശ്രീ. പി. എൻ. പദ്മസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

മരച്ചീനി സുലഭമായി ലഭിക്കുന്ന മദ്ധ്യതിരുവിതാംകൂറിൽ ഒരു സ്റ്റാർച്ചു ഫാക്ടറി പൊതുമേഖലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്):

പൊതുമേഖലയിൽ ഒരു സ്റ്റാർച്ചു ഫാക്ടറി സാദ്ധ്യമല്ല. ഒന്നിൽ കൂടുതൽ സ്വകാര്യ വ്യക്തികൾ ഈ കാര്യത്തിൽ താൽപര്യം കാണിക്കുന്നുണ്ട്. ഇവർക്ക് അർഹതയുള്ള ലൈസൻസാഹനം നൽകാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly